"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കാസറഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ഫുൾ ടൈം മീനിയൽ ആയിരിക്കെ അന്തരിച്ച രാമകൃഷ്ണൻ.കെ.എ-യുടെ ആശ്രിതയായ മകൾ കുമാരി ശ്രുതി കെ.ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് നല്കിയ നിയമനാനുമതി മലപ്പുറം ജില്ലയിലേയ്ക്ക് മാറ്റി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

G.O.(Ms) No.73/2024/GEDN തീയതി,തിരുവനന്തപുരം, 02-07-2024

---

പരാമർശം:-
1. 22.08.223-ലെ സ.ഉ(കൈ) നം.123/2023/പൊവിവ
2. 23.08.2023, 22.06.2024 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ(4)/13747/2022/ഡി.ജി.ഇ നമ്പർ കത്തുകൾ
3. 23.09.2023 തീയതിയിൽ കുമാരി ശ്രുതി കെ.ആർ സമർപ്പിച്ച സമ്മതപത്രം

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ഫുൾ ടൈം മീനിയൽ ആയിരിക്കെ അന്തരിച്ച രാമകൃഷ്ണൻ. കെ.എ-യുടെ മകൾ കുമാരി ശ്രുതി കെ.ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മലപ്പുറം ജില്ലയിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ ഒഴിവ് ലഭ്യമാണെന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം ടി ഒഴിവിലേക്ക് കുമാരി ശ്രുതി കെ.ആർ സമ്മതപത്രം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി ശ്രുതി കെ.ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ കൊല്ലം ജില്ലയിൽ നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അനുമതി മലപ്പുറം ജില്ലയിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JYOTHILEKSHMY L
JOINT SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം/മലപ്പുറം/കാസറഗോഡ്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചിറ്റാരിക്കൽ, കാസറഗോഡ്

കുമാരി ശ്രുതി കെ.ആർ, കിഴക്കേ പുരയിൽ, പറമ്പ പി.ഒ, പരപ്പ (വഴി), കാസറഗോഡ് (By Registered Post)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ),കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 03-07-2024 10:14:45

സെക്ഷൻ ഓഫീസർ

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*